ML 1101

# ഒന്നാം പാദവാർഷിക മൂല്യനിർണയം 2015

## മലയാളം പേപ്പർ-I

## കേരളപാഠാവലി

ക്ലാസ് : X

സമയം : 1½ മണിക്കൂർ ആകെ സ്കോർ: 40

**പൊതു നിർദ്ദേശങ്ങൾ**

- *ആദ്യത്തെ 15 മിനിട്ട് സമാശ്വാസ സമയമാണ്.*
- *ചോദ്യങ്ങൾ വായിച്ച് മനസ്സിലാക്കുന്നതിന് ഈ സമയം ഉപയോഗിക്കേണ്ടതാണ്.*
- *സമാശ്വാസ സമയത്ത് ഉത്തരങ്ങൾ എഴുതുവാൻ പാടുള്ളതല്ല.*
- *നിർദ്ദേശങ്ങൾക്കനുസരിച്ച് ഉത്തരമെഴുതുക.*

1) 'ചോറിന്റെ നേരെയാണ് ആക്രമണം. കയ്യേറ്റക്കാർക്കാണല്ലോ ഇന്ന് സ്ഥാനം.' ഇവിടെ വിദൂഷകൻ എന്തു ധർമ്മമാണ് നിർവഹിക്കുന്നത്?
   - സ്വയം വിമർശനം
   - സാമൂഹ്യവിമർശനം
   - രാജസേവ
   - ഫലിതം

(സ്കോർ 1)

2) ഭർത്താവുള്ളവൾ എന്ന ആശയം വരുന്ന വരി ഏത്?
   - ധരിത്രിയെപ്പോലെ തണുത്തിരുണ്ടവൾ
   - നെറ്റിത്തടത്തിലുണ്ടിവൾക്കൊരിറ്റു കുങ്കുമം
   - ഹൃത്തിൻ വിളക്കുമാടത്തിലൊരു കെടാത്തിരി
   - ചിങ്ങവെയിലിലൊളി പോലെ ചിരിപ്പവൾ

(സ്കോർ 1)

3) 'ശിങ്കിടി പാടുക' എന്ന ശൈലി കഥകളിയുമായി ബന്ധപ്പെട്ടുണ്ടായതാണ്. മറ്റൊരാളിന്റെ അഭിപ്രായത്തെ ശരിയും തെറ്റും നോക്കാതെ പിൻതാങ്ങി പറയുക എന്നതാണ് അതിന്റെ ആശയം. ഇതുപോലെ 'കഥയറിയാതെ ആട്ടം കാണുക' എന്ന ശൈലിയുടെ ആശയം എന്ത്?

(സ്കോർ 1)

4) മാതൃകയിലുള്ളതു പോലെ പദച്ചേരുവയെ മാറ്റി എഴുതുക

സമഗ്രജീവിതം : സമഗ്രമായ ജീവിതം

കലാഭിരുചി : കലയോടുള്ള അഭിരുചി

(സ്കോർ 1)

5) 'ഇതുവഴി കടന്നിരിക്കാം കിളിപ്പാട്ടുകൾ
ഇതുവഴി പറയനും ശീതങ്കനോട്ടനും
പലകഥകൾ തുള്ളിപ്പാഞ്ഞതുനടക്കെ...'

മലയാളത്തിലെ ഏതെല്ലാം കവികളെക്കുറിച്ചുള്ള സൂചനകളാണ് ഈ വരികൾ നൽകുന്നത്?

(സ്കോർ 2)

6) ശിവരാമൻ റോഡിന്റെ വെളിച്ചം കുറഞ്ഞ അരുകിലൂടെ പതുക്കെ വീട്ടിലേക്കു നടന്നു. 'വെളിച്ചം കുറഞ്ഞ അരുക്,' 'പതുക്കെ' എന്നീ പ്രയോഗങ്ങൾ കഥാപാത്രത്തിന്റെ മാനസികാവസ്ഥയെ കുറിച്ച് നൽകുന്ന ഏതെങ്കിലും രണ്ട് സൂചന എഴുതുക.

(സ്കോർ 2)

7) 'ഉള്ളിൽ കൊടുംതീയാളിലും ധരിത്രിയെപ്പോലെ തണുത്തിരുണ്ടവൾ' എന്ന വിശേഷണത്തിന് സ്ത്രീ അവസ്ഥയുമായുള്ള സാദൃശ്യം കണ്ടെത്തുക.

(സ്കോർ 2)

8) അടിവരയിട്ട പദങ്ങൾ വാക്യങ്ങളിൽ ഉണ്ടാക്കുന്ന അർത്ഥവ്യത്യാസം കണ്ടെത്തുക.

അയാളുടെ മറുപടി കേട്ട് അവൾ പൊട്ടിത്തെറിച്ചു.
അപകടത്തിൽപ്പെട്ട ഗ്യാസ് ടാങ്കർ പൊട്ടിത്തെറിച്ചു.

(സ്കോർ 2)

**9 മുതൽ 13 വരെയുള്ള ചോദ്യങ്ങളിൽ നിന്ന് ഏതെങ്കിലും 4 ചോദ്യങ്ങൾക്ക് ഉത്തരം എഴുതുക. അരപ്പുറത്തിൽ കവിയരുത്. ഓരോന്നിനും 4 സ്കോർ വീതം.**

(സ്കോർ 4×4=16)

9) 'ഇല്ലത്ത് ഗൃഹച്ഛിദ്രം സഹിയ്ക്ക വയ്യാതായിരിക്കുണു'
'ഓഹോ, ആരുതമ്മിലാ. മുസ്സും മറ്റുമായിട്ടാണോ?'
'അതല്ലാ.'
'പിന്നാരാ.'
'അകത്താ.'
'ആഹാ, അങ്ങിന്യാ. ഛിദ്രം അകത്തു തുടങ്ങ്യാൽ ബുദ്ധിമുട്ടന്ന്യാണേ.'

മുരിഞ്ഞപ്പേരീം ചോറും എന്ന പാഠഭാഗത്തുനിന്നും കൂടുതൽ ഉദാഹരണങ്ങൾ കണ്ടെത്തി കൂത്തിന്റെ ഭാഷാപരമായ സവിശേഷതകളെക്കുറിച്ച് വിശദീകരിക്കുക.

10) "ചിത്രങ്ങൾ കാണേണ്ടവർ ഗ്യാലറിയിൽ പോയി കാണും. നമ്മൾ അതിനു വേണ്ടി വിലപിടിച്ച സ്പെയ്സ് നഷ്ടപ്പെടുത്തേണ്ടതില്ല."
പത്രത്തിലെ വിലപിടിച്ച സ്പെയ്സിൽ കലാനിരൂപണത്തേക്കാൾ വേണ്ടത് ഫാഷൻ ഷോ പോലെയുള്ള വിവരങ്ങളാണ് എന്ന കാഴ്ചപ്പാടിനെ നിങ്ങൾ എങ്ങനെ വിലയിരുത്തുന്നു?

11) "പോക പൂങ്കാവിലെന്നു പുതുമധുവചനേ !
വലിയ നിർബന്ധം തവ വാഴുന്നേരം ഭവനേ
പോവാൻ തന്നെയോ വന്നു പൂർണേന്ദുവദനേ!
കാമിനീമൗലേ! ചൊൽക കാതരനയനേ!"

ദമയന്തിയുടെ രൂപസൗന്ദര്യത്തോടൊപ്പം മാനസികാവസ്ഥകൂടി വ്യക്തമാക്കുന്നതിന് അടിവരയിട്ട വിശേഷണങ്ങൾ പര്യാപ്തമാണോ? നിങ്ങളുടെ നിരീക്ഷണങ്ങൾ അവതരിപ്പിക്കുക.

12) ജീവിതത്തിൽ മാത്രമല്ല ഭാഷയിലും ലിംഗവിവേചനം പ്രകടമാണ്. താഴെ കൊടുത്ത പഴഞ്ചൊല്ലുകൾ വിമർശനാത്മകമായി വിലയിരുത്തി കുറിപ്പു തയ്യാറാക്കുക.

- പെൺബുദ്ധി പിൻബുദ്ധി
- പെൺചൊല്ലു കേൾക്കുന്നവനു പെരുവഴി

13) യാത്രാമൊഴി എന്ന പാഠഭാഗത്തിൽ സീത തനിക്ക് വേണ്ടപ്പെട്ടവരോടെല്ലാം യാത്രപറഞ്ഞ് ഉജ്ജ്വലമായ മറ്റൊരു ലോകത്തിലേക്ക് പോകാനൊരുങ്ങുകയാണ്. ഈ അവസരത്തിൽ രാമനേയും സന്ധ്യയേയുമാണ് പ്രിയ എന്നുചേർത്ത് അഭിസംബോധന ചെയ്യുന്നത്. (പ്രിയസന്ധ്യേ ഭവതിക്കു വന്ദനം., പ്രിയരാഘവ! വന്ദനം ഭവാന്). ഇതിലെ ഔചിത്യം വിശദമാക്കുക.

**14,15 ചോദ്യങ്ങളിൽ ഏതെങ്കിലും ഒന്നിന് ഉത്തരമെഴുതുക. ഒരുപുറത്തിൽ കവിയരുത്. (സ്കോർ 1x6=6)**

14) സാമൂഹിക ജീവിതത്തിൽ അവഗണിക്കപ്പെടുന്നവരും കണ്ണീരിനും ദുരിതങ്ങൾക്കും വിധേയരുമായ സ്ത്രീകളെ സാഹിത്യത്തിൽ മഹത്വവൽക്കരിക്കുന്നതിനെക്കുറിച്ച് ജോസഫ് മുണ്ടശ്ശേരി സാഹിത്യത്തിലെ സ്ത്രീ എന്ന ലേഖനത്തിൽ വിശദീകരിക്കുന്നു. എന്നാൽ  ഇന്ന് ടി വി മുതലായ മാധ്യമങ്ങളിലൂടെയും സിനിമ പോലുള്ള കലാരൂപങ്ങളിലൂടെയും ആവിഷ്കരിക്കപ്പെടുന്ന സ്ത്രീജീവിതം ജോസഫ് മുണ്ടശ്ശേരിയുടെ നിരീക്ഷണങ്ങളിൽ നിന്നും വ്യത്യസ്തമാണോ ?
നിങ്ങളുടെ  കാഴ്ചപ്പാടുകൾ ഉൾക്കൊള്ളിച്ച് ഉപന്യാസം തയ്യാറാക്കുക.

**അല്ലെങ്കിൽ**

15) താഴെ കൊടുത്തിരിക്കുന്ന സൂചനകളുടെ അടിസ്ഥാനത്തിൽ ആർട്ട് അറ്റാക്ക് എന്ന കഥയിലെ ശിവരാമൻ എന്ന കഥാപാത്രത്തെ കുറിച്ച് നിരൂപണം തയ്യാറാക്കുക.

- തൊഴിലിനോടും കലയോടുമുള്ള സമീപനം
- കലാനിരൂപകനെന്ന നിലയിലുള്ള നിലപാടുകൾ
- സഹപ്രവർത്തകരിൽനിന്നുണ്ടാകുന്ന മാനസികപ്രയാസങ്ങൾ
- കുടുംബജീവിതം

16) ആസ്വാദനക്കുറിപ്പ് തയ്യാറാക്കുക

'ഇരുചിറകുകളൊരുമയിലങ്ങനെ' എന്ന യൂണിറ്റിലെ ആശയങ്ങളുമായി ബന്ധിപ്പിച്ച് താഴെക്കൊടുത്ത കവിതയ്ക്ക് ആസ്വാദനക്കുറിപ്പ് തയ്യാറാക്കുക.

(സ്കോർ 6)

**ഇവൾ**

ഭുവനം മുഴുവനും കേൾക്കെ ഞാൻ പാടുന്നു
"ഇവളെനിക്കേറ്റം പ്രിയപ്പെട്ടവൾ!"
ഇവളെന്റെ കുഞ്ഞുങ്ങൾക്കമൃതം ചുരന്നവൾ.
ഇവളെന്നും കന്യാവിശുദ്ധിയുള്ളോൾ.
ഇവൾ കണ്ണീർക്കടല് കടഞ്ഞുരുവായവൾ.
ഇവൾ സഹനത്തിന്റെ സാന്ദ്രമൗനം.
ഇവളഗ്നിശുദ്ധി വരിച്ചവൾ, മണ്ണിന്റെ
മടിയിൽ മറ്റൊരു ഗംഗയായ് പതിച്ചോൾ.
ഇവളുടെ പാദങ്ങൾ പനിനീരാൽ കഴുകിയി -
ട്ടരുമയായ് ചുംബിച്ചു തോർത്തിടുവാൻ
വരിക നിലാവുള്ള രാവുകളേ! നെയ്തു -
തരിക പൊന്നുടയാടയിളവെയിലേ!
ഇവളുടെ ചുറ്റും വെൺപ്രാവുകൾ കുറുകട്ടെ!
ശലഭങ്ങൾ പരിവേഷം തീർത്തിടട്ടെ!
ഇവളെന്നോടൊപ്പം വെയിലേറ്റ് വാടിയോൾ;

ഇവളെന്റെ വാഴ്‌വിന്റെ കയ്പുനീരൊക്കയും
അമൃതമായ് മാറ്റിയൊപ്പം നുകർന്നോൾ.
ഇവളെന്റെ മൺവിളക്കിൽ തിരിയഞ്ചിലും
അവിരതമണയാതെരിഞ്ഞുനിൽപ്പോൾ.
ഇരുളിലെൻ നക്ഷത്രമിവൾ; എന്റെ പകലിന്റെ
ശിഖയിൽ ജ്വലിക്കുന്നൊരഗ്നി പുഷ്പം!

(ഒ എൻ വി)

അവിരതം : എപ്പോഴും